ISSUE OF PERMITS FOR IRON AND STEEL—DETAILS REGARDING

242. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state the following.—

(*a*) who is the officer authorised by the Government to issue permits for getting iron and steel;

(*b*) when was he appointed;

(*c*) how many applications have been received by him since then;

(*d*) how many permits have so far been issued, to whom and what quantity to each;

(*e*) what is the quota of iron and steel allowed to the State per year;

(*f*) how much has been received so far?

Mr. K. Balakrishna Menon *(Minister for Food and Education):*

(*a*) Originally the Director of Industries and Commerce. Now it is the Chief Engineer.

(*b*) Director of Industries and Commerce from 10th January 1947; Chief Engineer, from 2nd December 1947.

(*c*) 1,460.

(*d*) 620 permits to 532 applicants. Detailed statement is placed on the Council table.

(*e*) 500 tons.

(*f*) 122 tons.

Mr. M. O. Thomakutty *(Commerce and Industry):* How many tons of iorn and steel are at present in the stock of the Government?

Mr. K. Balakrishna Menon (*Minister for Food and Education*): I want notice.

MINIMUM PAY—RESOLUTIONS OF THE PRAJAMANDAL ANNUAL CONFERENCE

243. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ഏറ്റവും കുറഞ്ഞ ശമ്പളം പ്രതിമാസം രൂ 10 ക. ആയിരിക്കണമെന്ന് പ്രജാമണ്ഡലം വാർഷികയോഗം ഫെബ്രുവരി മാസത്തിൽ എറണാകുളത്തുവെച്ചു പാസ്സാക്കിയിട്ടുള്ള വിവരം ഗവൺമെണ്ടിനറിയാമോ;

(ബി) അതിനശേഷമുണ്ടായ ശമ്പളപരിഷ്കരണത്തിൽ കുറഞ്ഞ ശമ്പളം രൂ 10 ക. യെന്നുള്ള തത്വം ഗവൺമെണ്ട് അനുവർത്തിക്കാതിരിക്കാനുള്ള കാരണമെന്തു"?

റാവുബഹദൂർ ടി. കെ. നായർ:

(എ) അറിയാം.

(ബി) ധനസ്ഥിതി അനുവദിക്കാത്തതിനാൽ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പ്രജാമണ്ഡലം വാർഷികയോഗത്തിൽ പാസ്സാക്കിയ ഈ പ്രമേയത്തിൽ ഉൾക്കൊണ്ടിട്ടുള്ള ആവശ്യം ഏറ്റവും ന്യായവും മിതവുമാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിൽ ആവശ്യപ്പെട്ടിരിക്കുന്നതു് ചുരുങ്ങിയ ശമ്പളം രൂ 10 ക. യാക്കണമെന്നാണു്. ധനസ്ഥിതിയുണ്ടെങ്കിൽ അങ്ങിനെയായാൽ തരക്കേടില്ലെന്നുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതു പ്രവൃത്തിയിൽ വരുത്തണമെങ്കിൽ എത്ര കാലം വേണ്ടിവരും?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ചോദിച്ചാൽ മറുപടി പറയുവാൻ വളരെ വിഷമമാണു്. ഇപ്പോൾ 8 ക.യുണ്ടായിരുന്നതാണു് 10 ക.യാക്കീട്ടുള്ളതു്. അങ്ങിനെ കൂടി കൂടി വരുമെന്നാശിക്കാം.

ALLEGATIONS CONTAINED IN THE "DEEPAM" DATED 19TH KANNI 1123—ENQUIRY REGARDING

244. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to answer.—

(*a*) has the attention of the Government been drawn to an article under the heading "വിറക സംഭ്വ" appeared in the "Deepam", dated 19th Kanni 1123?

(*b*) did the Government enquire into the allegations contained therein;

(*c*) what was the result of the enquiry?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Revenue)*:
(*a*) Yes.
(*b*) Yes.

(*c*) Some shortage occurred due to transport difficulties, owing to the bad conditions of roads and bridges and also due to persistent rains, non-availability of spares and new vehicles to replace the old ones, fluctuations in petrol supplies and dearth of tyres, etc. and every effort has been made to improve the supply.

PRICE OF SUGAR ISSUED ON SPECIAL PERMIT—ENHANCEMENT OF

245. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് ദയവു മറുപടി പറയുമോ.—

(എ) സ്പെഷ്യൽ പർമിറ്റപ്രകാരം വാങ്ങുന്ന പഞ്ചസാരയുടെ വില ഇരട്ടിയാക്കിയതിനുള്ള കാരണമെന്ത്;

(ബി) ഗവൺമെണ്ട് ഈ അധിക വില എടുത്തു കളയുവാൻ ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഗവൺമെണ്ട് ശക്കര ഇറക്കുമതി ചെയ്യുവിറ്റതുകൊണ്ടുണ്ടായ നഷ്ടം പരിഹരിക്കുവാൻ.

(ബി) അധികവില എടുത്തു കളഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ശക്കരയിൽ എത്ര ഉദ്ദേശികയാണ് നഷ്ടം വന്നിട്ടുള്ളത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കുറെ നഷ്ടം വന്നിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ഐസ്ക്രീം മേടിച്ച ശക്കരയിലാണോ ഈ നഷ്ടം വന്നിരിക്കുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ് വേണം.

Mr. M. O. Thomkutty *(Commerce and Industry)*: What is the reason for such a heavy loss? ശക്കര വാങ്ങിക്കുന്നതിൽ ചീത്ത ശക്കരയുള്ളതുകൊണ്ട് അതു ഒലിച്ചുപോയിട്ട നഷ്ടം വന്നിട്ടില്ലേ?

Mr. K. Balakrishna Menon *(Minister for Food and Education)*: I think that I must get notice for a correct answer for this question.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പഞ്ചസാരയേക്കാൾ ചുരുങ്ങിയ വിലക്ക് ശക്കര കൊടുക്കണമെന്നും ഫുഡ് ഡിപ്പാർട്ടുമെണ്ടിനും ഒരു പോളിസിയുണ്ടായിരുന്നതായിട്ട് അറിയാമോ?

Mr. K. Balakrishna Menon (*Minister for Food and Education*): Yes.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പഞ്ചസാരയുടെ വിലയേക്കാൾ ചുരുങ്ങിയ വിലയ്ക്ക് ശക്കര കൊടുക്കണമെങ്കിൽ ഗവൺമെണ്ടിനും കുറച്ചു നഷ്ടം വരുമെന്നും അറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അറിയാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവൺമെണ്ട് ഈ ഇറക്കുമതി നിറുത്തിട്ട കൊച്ചിരാജ്യത്തിലുണ്ടാകുന്ന ശക്കര മുഴവനും വേണ്ടപോലെ ഉപയോഗിക്കുകയാണെങ്കിൽ ചീത്ത ശക്കര ഉപയോഗിക്കേണ്ടതായിട്ട വരികയില്ല. ചിറ്റൂർ താലൂക്കിൽ അങ്ങിനെ തെളുതെളായെന്നു തിളങ്ങുന്ന ശക്കരയുണ്ടാക്കുന്നുണ്ട്. അതുമുഴവനും പൊള്ളാച്ചിയിലേക്കു വണ്ടി വണ്ടിയായിട്ട കയറ്റി അയക്കുന്നുണ്ട്. അതുകൊണ്ട കൊച്ചിരാജ്യത്തിലുണ്ടാക്കുന്ന ശക്കര മുഴവനും കൊച്ചിരാജ്യത്തിലുള്ളവക്കുതന്നെ ഉപയോഗിക്കുവാൻ സാധ്യപ്പെടുത്തി കൊടുക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: തീർച്ചയായിട്ടും അങ്ങിനെതന്നെ ചെയ്യും.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ശക്കര വാങ്ങിയവിലയിൽനിന്നും കുറച്ചു വിലയ്ക്കുണ്ടി വന്നിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡിവർ: ഉത്തരം "എ" യിൽ ശക്കര ഇറക്കുമതി ചെയ്യ വിറ്റതുകൊണ്ടുണ്ടായ നഷ്ടം പരിഹരിക്കുവാനാണ പഞ്ചസാരയ്ക്കു വില കൂട്ടിയതെന്നാണ് പറ

LIBRARY ARCHIVES Kerala Legislative Assembly